ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കേരളത്തിൽ നിന്നുള്ള സി. സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ നാല് പേരെ രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu nominated four eminent persons, including C. Sadanandan Master from Kerala to the Rajya Sabha.**

2. രാജ്യസഭയിലേക്കുള്ള പുതിയ എംപിമാരെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അനീതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിൻറെ പ്രതീകമാണ് സദാനന്ദൻ മാസ്റ്ററെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi congratulated the newly nominated members of the Rajya Sabha. He said that C. Sadanandan Master is a symbol of the unwavering fight against injustice.**

3. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിൻറെ സുപ്രധാന ഘടകമാണ് സിംഗപ്പൂരെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

   **Singapore is a key pillar of India's Act East policy, said External Affairs Minister S. Jaishankar.**

4. രാഷ്ട്ര വികസനത്തിലെ യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിൽ പ്രധാനമന്ത്രിയുടെ മൻ കീ ബാത്ത് അടിസ്ഥാനമാക്കിയുള്ള ടാലന്റ് ഹണ്ട് കരുത്തേകുമെന്ന് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ.

**The talent hunt based on the Prime Minister's 'Mann Ki Baat' will empower efforts to enhance youth participation in nation-building, said Union Minister of State Raksha Nikhil Khadse.**

5. ഇന്ത്യൻ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പെട്ട ആക്സിയം-4 ദൗത്യത്തിന്റെ മടക്കയാത്ര നാളെ ആരംഭിക്കും.

**The return journey of Indian Astronaut Group Captain Shubhanshu Shukla and three other crew members of the Axiom-4 mission will begin tomorrow**

6. പരമ്പരാഗത വൈദ്യശാസ്ത്രത്തെ നിർമിത ബുദ്ധിയിലൂടെ സംയോജിപ്പിക്കുന്നതിൽ ഇന്ത്യ നടത്തുന്ന ശ്രമങ്ങളെ അംഗീകരിച്ച് ലോകാരോഗ്യ സംഘടന.

**WHO recognises India's pioneering efforts in integrating Artificial Intelligence with traditional medicine, particularly Ayush systems.**

**&&&&&&&&&&&&&**

## HEADLINE 1

## PREZ NOMINATION

കേരളത്തിൽ നിന്നുള്ള സി. സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ 4 പേരെ രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ സി. സദാനന്ദൻ മാസ്റ്റർ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. രാഷ്ട്രീയ അക്രമത്തിന് ഇരയായ അദ്ദേഹത്തിന് രണ്ട് കാലുകളും നഷ്ടപ്പെട്ടിരുന്നു. പ്രശസ്ത അഭിഭാഷകൻ ഉജ്ജ്വൽ ദേവ്റാവു നികം, മുൻ വിദേശകാര്യ സെക്രട്ടറി ഹർഷ് വർധൻ ശ്രിംഗ്ല, ചരിത്രകാരി ഡോ. മീനാക്ഷി ജെയിൻ എന്നിവരും നാമാനിർദേശം ചെയ്തവരിൽ ഉൾപ്പെടുന്നു. കല, സാഹിത്യം, ശാസ്ത്രം, സാമൂഹിക സേവനങ്ങൾ എന്നിവയിലെ സംഭാവനകൾ പരിഗണിച്ചാണ് തീരുമാനം. നാമനിർദേശം സംബന്ധിച്ച വിജ്ഞാപനം ആഭ്യന്തര മന്ത്രാലയം പുറത്തിറക്കി.

**&&&&&&&&&&&&&**

## HEADLINE 2

## PM - RAJYA SABHA NOMINATION

രാജ്യസഭയിലേക്ക് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്ത നാല് പേരെയും പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. കേരളത്തിൽ നിന്നുള്ള സി.സദാനന്ദൻ മാസ്റ്ററിൻറെ ജീവിതം ധൈര്യത്തിൻറെയും അനീതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിൻറെയും പ്രതീകമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&

## SADANANDAN MASTER- INTRO

അധ്യാപകൻ, സാമൂഹിക പ്രവർത്തകൻ എന്നീ നിലകളിൽ പ്രശംസനീയമായ പ്രവത്തനങ്ങൾ കാഴ്ചവച്ച വ്യക്തിയാണ് സി. സദാനന്ദൻ മാസ്റ്റർ....

ഒരു റിപ്പോർട്ട്.....

## SADANANDAN MASTER- VOICE

അധ്യാപകനും സാമൂഹ്യപ്രവർത്തകനും, വിദ്യാഭ്യാസ വിചക്ഷണനുമാണ് നിലവിൽ ബിജെപി സംസ്ഥാന ഉപാധ്യക്ഷനായ സി സദാനന്ദൻ മാസ്റ്റർ. കണ്ണൂരിലെ രാഷ്ട്രീയ അതിക്രമങ്ങളുടെ ജീവിക്കുന്ന രക്തസാക്ഷികൂടിയാണ് അദ്ദേഹം. കണ്ണൂർ മട്ടന്നൂർ പെരിഞ്ചേരി സ്വദേശിയായ സദാനന്ദൻ മാസ്റ്റർ ജന്മഭൂമി പത്രാധിപ സമിതി അംഗം, ആർഎസ്എസ് എറണാകുളം വിഭാഗ് ബൗദ്ധിക പ്രമുഖ്, രാഷ്ട്രസേവാസമിതി സെക്രട്ടറി, ഭാരതീയ വിചാരകേന്ദ്രം തൃശൂർ ജില്ലാ സെക്രട്ടറി തുടങ്ങി നിരവധി ചുമതലകൾ വഹിച്ചിട്ടുണ്ട്. തൃശൂർ പേരാമംഗലം ഹയർസെക്കൻഡറി സ്കൂളിൽ അധ്യാപകനായി സർവീസിൽ നിന്നും വിരമിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&

## HEADLINE 3

## JAISHANKAR SINGAPORE

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തി. ടെമാസെക് ഹോൾഡിംഗ്സിന്റെ നിയുക്ത ചെയർമാൻ ടിയോ ചീ ഹീനുമായും അദ്ദേഹം സംവദിച്ചു. ഇന്ത്യയിലെ പരിവർത്തന സാധ്യതകളെക്കുറിച്ചും നിക്ഷേപ അവസരങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിൻറെ സുപ്രധാന ഘടകമാണ് സിംഗപ്പൂരെന്ന് ശ്രീ ജയശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സിംഗപ്പൂർ സന്ദർശനത്തിന് ശേഷം ശ്രീ ജയശങ്കർ ചൈനയിലേക്ക് പോകും.

&&&&&&&&&&&&&

## HEADLINE 4

## MANN KI BAAT TALENT HUNT - INTRO

സമൂഹത്തിൻറെ താഴെത്തട്ടിൽ നിന്ന് കഴിവുള്ള യുവ ജനതയെ കണ്ടെത്തി അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരം ഒരുക്കുകയാണ് മൻ കി ബാത്ത് ടാലന്റ് ഹണ്ട് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ. മൻ കീ ബാത്തിനെ അടിസ്ഥാനമാക്കി മേരാ യുവ ഭാരത് സംഘടിപ്പിച്ച ടാലൻറ് ഹണ്ട് സീസൺ 5 ൻറെ ഫൈനൽ മത്സരം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കഴിവും നേതൃ പാടവവുമുള്ള യുവജനങ്ങളെ രാഷ്ട്ര വികസനത്തിൽ പങ്കാളികളാക്കുക എന്ന

ലക്ഷ്യത്തിന് കരുത്തേകുന്നതാണ് ഈ ഉദ്യമമെന്നും ശ്രീമതി രക്ഷ നിഖിൽ ഖഡ്സെ പറഞ്ഞു.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&**

## HEADLINE 5

## SHUBHANSHU SHUKLA

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയുടെയും ആക്സിയം-4 ദൗത്യത്തിലെ മറ്റ് മൂന്ന് ക്രൂ അംഗങ്ങളുടെയും മടക്കയാത്ര നാളെ ആരംഭിക്കും. വൈകുന്നേരം 4:30 ന് അൺഡോക്കിംഗ് ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് സമൂഹ മാധ്യമത്തിൽ അറിയിച്ചു. മറ്റെന്നാൾ വൈകുന്നേരം 3 മണിയോടെ ക്രൂ തിരിച്ചെത്തുമെന്ന് അദ്ദേഹം പറഞ്ഞു. 14 ദിവസത്തെ ദൗത്യത്തിന് ശേഷമാണ് സംഘം മടങ്ങുന്നത്.

**&&&&&&&&&&&&&**

## EC BIHAR

ബിഹാറിൽ 80.11 ശതമാനം വോട്ടർമാരും എന്നുമെറേഷൻ ഫോമുകൾ സമർപ്പിച്ചതായി തെരെഞ്ഞെടുപ്പ് കമ്മീഷൻ. ജൂലൈ 25 നു മുമ്പുതന്നെ ഫോമുകളുടെ ശേഖരണം പൂർത്തിയാക്കുകയാണ് ലക്ഷ്യം. ഓഗസ്റ്റ് 1 ന് പ്രസിദ്ധീകരിക്കേണ്ട കരട് വോട്ടർ പട്ടികയിൽ പേരുകൾ ഉൾപ്പെടുത്തുന്നതിന്, ആവശ്യമായ രേഖകൾക്കൊപ്പം വോട്ടർമാർ ഫോമുകൾ സമർപ്പിക്കണമെന്ന് തെരെഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

**&&&&&&&&&&&&&**

## THIRUVALOOR TRAIN FIRE

തമിഴ്നാട്ടിലെ തിരുവള്ളൂർ റെയിൽ വേ സ്റ്റേഷന് സമീപം ചരക്ക് ട്രെയിനിന് തീപിടിച്ചു. അപകടത്തെ തുടർന്ന് ചെന്നൈയിൽ നിന്നുള്ള ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. 8 ട്രെയിനുകൾ റദ്ദാക്കുകയും, അഞ്ച് ട്രെയിനുകൾ വഴിതിരിച്ച് വിടുകയും ചെയ്തു. ഡീസൽ കയറ്റിവന്ന വാഗണുകൾക്കാണ് തീപിടിച്ചത്. ഇന്ധന ചോർച്ചയെ തുടർന്ന് പ്രദേശത്ത് ഭീതി പരന്നെങ്കിലും നിലവിൽ ഭയപ്പെടേണ്ട സാഹചര്യം ഇല്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു. പരിസര പ്രദേശങ്ങളിൽ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&

## GOVT - TENZING NORGAY AWARD

ടെൻസിങ് നോർഗെ നാഷണൽ അഡ്വഞ്ചർ 2024 ലെ പുരസ്കാരത്തിനുള്ള നാമനിർദ്ദേശങ്ങൾ കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയം സ്വീകരിച്ചു തുടങ്ങി. വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ യുവാക്കൾക്കിടയിൽ സഹിഷ്ണുത, രക്ഷാ പ്രവർത്തനം, സഹകരണ മനോഭാവം, വേഗത്തിലുള്ള പ്രതികരണം എന്നിവ വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള സാഹസിക രംഗത്തെ മികച്ച നേട്ടങ്ങളെയാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്. അപേക്ഷകൾ ഈ മാസം 15 വരെ awards.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി സ്വീകരിക്കും.

&&&&&&&&&&&&&&

## TEST CRICKET

ലോർഡ്സിൽ നടക്കുന്ന ഇന്ത്യ ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റിൽ ഇംഗ്ലണ്ട് ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനഃരാരംഭിക്കും.

വൈകിട്ടു 3:30 നാണു മത്സരം. ഇന്നലെ മൂന്നാം ദിവസം കളി നിർത്തുമ്പോൾ ഇംഗ്ലണ്ട് വിക്കറ്റൊന്നും നഷ്ടമാവാതെ 2 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&

## WIMBLEDON

വിംബിൾഡൺ പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് ഇറ്റലിയുടെ യാനിക് സിന്നർ സ്പെയിനിന്റെ കാർലോസ് അൽകരാസിനെ നേരിടും. രാത്രി 8:30 ന് മത്സരം ആരംഭിക്കും. വനിതാ സിംഗിൾസ് കിരീടം പോളണ്ടിന്റെ ഇഗ ഷ്യാൻടെക് സ്വന്തമാക്കി. ഇന്നലെ നടന്ന ഫൈനലിൽ യു എസ്സിന്റെ അമാൻഡ അനിസിമോവയെയാണ് ഇഗ പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&

## HEADLINE 6

## WHO - AYUSH

പരമ്പരാഗത വൈദ്യശാസ്ത്രത്തെ, നിർമിതബുദ്ധിയിലൂടെ ആയുഷുമായി സംയോജിപ്പിക്കുന്നതിൽ ഇന്ത്യ നടത്തുന്ന ശ്രമങ്ങളെ അംഗീകരിച്ച് ലോകാരോഗ്യ സംഘടന. പരമ്പരാഗത വൈദ്യശാസ്ത്രത്തെ സാങ്കേതികവിദ്യയിലൂടെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള രാജ്യത്തിന്റെ സമർപ്പണത്തിന്റെ തെളിവാണ് ലോകാരോഗ്യ സംഘടനയുടെ അംഗീകാരമെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ് റാവു ജാദവ് പറഞ്ഞു.

&&&&&&&&&&&&&

## EU REAX-US TARIFF

അടുത്ത മാസം 1 മുതൽ യൂറോപ്യൻ യൂണിയൻ, മെക്സിക്കോ എന്നിവിടങ്ങളിൽ നിന്നുള്ള എല്ലാ സാധനങ്ങൾക്കും 30 ശതമാനം നികുതി ഏർപ്പെടുത്തി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. പ്രഖ്യാപനത്തിനതിരെ വ്യാപക പ്രതിഷേധവുമായി യൂറോപ്യൻ യൂണിയൻ നേതാക്കൾ രംഗത്തെത്തി. നികുതി വർദ്ധനവ് പണപ്പെരുപ്പത്തിന് ആക്കം കൂട്ടുകയും വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുമെന്ന് യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റ പറഞ്ഞു.

&&&&&&&&&&&&&

## IRAN FM- NUCLEAR TALKS

ആണവപദ്ധതിയെക്കുറിച്ചുള്ള ചർച്ചകൾക്ക് രാജ്യം എപ്പോഴും തയ്യാറാണെന്ന് ഇറാൻ വിദേശകാര്യമന്ത്രി സയ്യിദ് അബ്ബാസ് അരാഗ്ചി. ചർച്ചകൾ പുനരാരംഭിക്കുകയാണെങ്കിൽ അത് അമേരിക്കയുടെയോ മറ്റ് കക്ഷികളുടെയോ നേതൃത്വത്തിലുള്ള യുദ്ധത്തിലേക്ക് നയിക്കില്ലെന്ന് ഉറപ്പ് നൽകണമെന്ന് വിദേശ അംബാസഡർമാരുമായും പ്രതിനിധികളുമായും നടത്തിയ കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&

## ELECTION COMMISSION -MEETING

കേരളത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കം വിശദീകരിക്കുന്നതിന് രാഷ്ട്രീയപാർട്ടിയിലെ സംസ്ഥാനതല പ്രതിനിധികളുടെ യോഗം ഈ മാസം 19ന് വിളിച്ചുചേർക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലാണ് യോഗം.

&&&&&&&&&&&&&

## ARANMULA VALLASADYA

പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്ക് തുടക്കമായി. വഞ്ചിപ്പാട്ടിൻ്റെ ഈരടികൾ മുഴങ്ങിയ അന്തരീക്ഷത്തിൽ ക്ഷേത്ര മുറ്റത്ത് ആന കൊട്ടിലിൽ പ്രത്യേകം തയാറാക്കിയ സ്ഥലത്ത് വിളക്കുകൊളുത്തി മന്ത്രി കെ.ബി ഗണേഷ് കുമാർ ഉദ്ഘാടനം നിർവഹിച്ചു. ഒക്ടോബർ രണ്ടു വരെ 80 ദിവസം നീണ്ടു നിൽക്കുന്നതാണ് ഇത്തവണത്തെ വള്ള സദ്യക്കാലം.

&&&&&&&&&&&&&

## WMO-DUST

ലോകമെമ്പാടും മണൽക്കാറ്റുകളുടെയും പൊടിക്കറ്റുകളുടെയും വർധിച്ചുവരുന്ന ഭീഷണി കണക്കിലെടുത്ത്, 2025 മുതൽ 2034 യുള്ള ഒരു ദശാബ്ദം ഈ പ്രതിഭാസത്തെ നേരിടുന്നതിനുള്ള പ്രത്യേക പ്രവർത്തന കാലഘട്ടമായി ഐക്യരാഷ്ട്ര പൊതുസഭ പ്രഖ്യാപിച്ചു. മണൽ, പൊടിക്കാറ്റുകൾക്കെതിരായ അന്താരാഷ്ട്ര ദിനാചരണത്തിന്റെ ഭാഗമായാണ് ഈ സുപ്രധാന തീരുമാനം.

&&&&&&&&&&&&&

## IMD WEATHER

കേരളത്തിലും കർണാടകയുടെ തീരപ്രദേശങ്ങളിലും ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്തിന്റെ വടക്കു-കിഴക്കൻ ഭാഗത്ത് ഇടിമിന്നലോടുകൂടിയ മഴയ്ക്കും സാധ്യതയുണ്ട്.

**&&&&&&&&&&&&&**

## AIIA-SEMINAR

ശസ്ത്രക്രിയയുടെ പിതാവെന്നു അറിയപ്പെടുന്ന സുശ്രുതയുടെ ജയന്തി ആഘോഷത്തിന്റെ ഭാഗമായി ന്യൂഡൽഹിയിലെ ഓൾ-ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ മൂന്ന് ദിവസത്തെ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. സെമിനാറിന്റെ ഭാഗമായി ജനറൽ സർജറികൾ, അനോറെക്ടൽ സർജറികൾ, യൂറോസർജിക്കൽ കേസുകൾ എന്നിവയുൾപ്പെടെയുള്ള തത്സമയ ശസ്ത്രക്രിയാ രീതികൾ നിരീക്ഷിക്കാനും പഠിക്കാനും അവസരം നൽകും.

**&&&&&&&&&&&&&**

## ED FRAUD

റിയൽ എസ്റ്റേറ്റ് സ്ഥാപനമായ പേൾസ് അഗ്രോടെക് കോർപ്പറേഷൻ ലിമിറ്റഡിൽ നടന്ന അഴിമതിക്കേസുമായി ബന്ധപെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് 762.47 കോടി രൂപയുടെ സ്വത്തുക്കൾ താൽക്കാലികമായി കണ്ടുകെട്ടി. പഞ്ചാബ്, ഹരിയാന, ഡൽഹി, മഹാരാഷ്ട്ര, ഓസ്ട്രേലിയ എന്നിവിടങ്ങളിലാണ് ഇ ഡി പരിശോധന നടത്തിയത്. പിഎസിഎല്ലിലെ ഡയറക്ടർമാരും പ്രൊമോട്ടർമാരും നിക്ഷേപകരിൽ നിന്ന് ഏകദേശം 48,000 കോടി രൂപ സ്വരൂപിച്ച് ദുരുപയോഗം ചെയ്യുവെന്ന് ഇഡി അറിയിച്ചു.

**&&&&&&&&&&&&&**

**&&&&&&&&&**

**&&&**